# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന് പ്രത്യേക പാക്കേജ്-വിവിധ പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 1093/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 06/05/2014**

പരാമർശം:- വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 26/3/14 ന് ചേർന്ന യോഗത്തിലെ 2.4-ാം നമ്പർ തീരുമാനം.

## ഉത്തരവ്

വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/3/14 ൽ ചേർന്ന യോഗത്തിൽ ഇടുക്കി ജില്ലയിലെ വനാന്തരങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ ഗ്രാമ പഞ്ചായത്തായ ഇടമലക്കുടിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ ചർച്ച ചെയ്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിയായ പെട്ടിമുടി വരെ മൂന്നാറിൽ നിന്നും വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ സഹായത്തോടെ എഫ്.ഡി.എ മുഖേന പഞ്ചായത്ത്/ പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് ഇവയുടെ സഹകരണത്തോടെ മിനി ബസ് സൗകര്യം ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് മുഖേന വനം വകുപ്പിന് പ്രൊപ്പോസൽ നൽകുവാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.
2. ഗ്രാമ പഞ്ചായത്തിൽ നിലവിൽ പെട്ടിമുടി വരെയുള്ള വൈദ്യുതി കണക്ഷൻ 13 കിലോമീറ്റർ കൂടി ദീർഘിപ്പിക്കുന്നതിന് കേബിൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ ഊർജ്ജ വകുപ്പ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചെലവ് ട്രൈബൽ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

3. ഇടമലക്കുടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സാധന സാമഗ്രികൾ ചുമന്നു കൊണ്ടുപോകുന്നതിന് നിലവിലുള്ള നിരക്കായ കിലോയ്ക്ക് 10 രൂപ 50 പൈസ വച്ച് നൽകുന്നതിന് അനുമതി നൽകുന്നു. ഇതിനായി കഴിയുന്നതും ഗോത്രവർഗ്ഗക്കാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

4. ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിന് ഗോത്രവർഗ്ഗ ഗ്രൂപ്പുകൾക്ക് കഴുതകളെ നൽകുന്നതിനും ഇവയ്ക്കുള്ള ഷെഡ് ഉൾപ്പെടെ മൂന്നോ നാലോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തുക ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

5. അക്ഷയ സെന്റർ ആരംഭിക്കുന്നതിനും ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നു. ഇതിനുള്ള അടിസ്ഥാന സൗകര്യം ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

6. കെ.എൽ.എസ്.ഡി.ജി.പി/ ആർ.ജി.പി.എസ്.എ ഫണ്ട് പ്രയോജനപ്പെടുത്തി സൊസൈറ്റികുടിയിൽ പഞ്ചായത്ത് ആഫീസിനും ക്വാർട്ടേഴ്സിനും കെട്ടിടം പണിയുന്നതിനുള്ള സാധ്യത ആരാഞ്ഞ് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

7. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും ആയുർവേദ ആശുപത്രിയും ആരംഭിക്കുന്നതിന് കെട്ടിടം /ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് പോസ്റ്റൽ വകുപ്പിന്റെ സഹായത്തോടെ ഒരു ഇ.ഡി പോസ്റ്റ് ഓഫീസ് ആരംഭിക്കാൻ സാധിക്കുമോ എന്ന കാര്യം പോസ്റ്റൽ വകുപ്പുമായി കുടിയാലോചിച്ച് റിപ്പോർട്ട് നല്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. പോസ്റ്റൽ വകുപ്പ് നടപടി സ്വീകരിക്കുന്നതു വരെ ഗ്രാമ പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നേരിട്ട് പെൻഷൻ വിതരണം നടത്തേണ്ടതും ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർവഹിക്കേണ്ടതും ആണ്.

9. ഇടമലക്കുടി ഗ്രാമ പഞ്ചായത്തിൽ ഓവർസീയറെ സ്ഥിരമായി നിയമിക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

10. പഞ്ചായത്തിൽ സിഗ്നൽ ബൂസ്റ്ററുകൾ സ്ഥാപിക്കുന്നതിന് തുടർ നടപടികൾ/ സാദ്ധ്യതാ പഠനം നടത്താൻ ഐ.കെ.എം നടപടി സ്വീകരിക്കേണ്ടതാണ്.

11. ഇടമലക്കുടി, വട്ടവട, അട്ടപ്പാടി മേഖലയിലെ ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്നതിന് താൽപ്പര്യമുള്ള ജീവനക്കാർക്ക് മുൻഗണന നൽകുന്ന കാര്യം പഞ്ചായത്ത് ഡയറക്ടറും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറും പരിശോധിക്കേണ്ടതാണ്.

12. ഒരുമാസത്തിൽ 10 ദിവസം ഇടമലക്കുടി പഞ്ചായത്ത് ക്യാംപ് ഓഫീസ് തുറന്ന് പ്രവർത്തിക്കേണ്ടതും മുഴുവൻ ജീവനക്കാരും ഓഫീസിൽ ആ കാലയളവിൽ ഉണ്ടായിരിക്കേണ്ടതുമാണ്. ജീവനക്കാർക്ക് താമസ സൗകര്യത്തിനും ഓഫീസ് പ്രവർത്തനത്തിനും റിക്കോഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യമായ അലമാര, മേശ, കസേര, കട്ടിൽ, സ്ലീപ്പിംഗ് ബാഗ്, കമ്പിളി എന്നിവ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിലെ പശ്ചാത്തല മേഖലയിൽപ്പെടുത്തിയോ വാങ്ങേണ്ടതാണ്. കൂടാതെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ആവശ്യത്തിനായി ചെറിയ സിറ്റൗട്ട്, ചെറിയ അടുക്കള, ഒരു ചെറിയ മുറി എന്നിവ ഉൾപ്പെട്ട ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ കെ.എൽ.എസ്.ജി.ഡി.പിയുടെ ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്ത് ആഫീസിൽ താമസിച്ച് പ്രവർത്തിക്കുന്ന 10 ദിവസം ജീവനക്കാർക്ക് റ്റി.എ/ ഡിഎ അധികമായി നൽകുന്നതിനും അനുമതി നൽകുന്നു. ക്യാംപ് ഓഫീസ് ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന ദിവസങ്ങൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മുൻകൂട്ടി ഊരുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

13. ഇടമലക്കുടി ഗ്രാമ പഞ്ചായത്തിനെ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ആട് വിതരണം നടത്തുന്നതിന് ഗുണഭോക്തൃ വിഹിതമായ 2690/- രൂപ വഹിക്കാൻ ട്രൈബൽ മേഖലയ്ക്ക് കഴിയാത്തതിനാൽ ഗുണഭോക്തൃ വിഹിതത്തിന്റെ 90 % പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

14. പഞ്ചായത്തിൽ 2014 മെയ് 8,9 തീയതികളിൽ മെഡിക്കൽ ക്യാംപ് നടത്തുന്നതിനും ഈ അവസരത്തിൽ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും വികലാംഗ സർട്ടിഫിക്കറ്റ് വിതരണം നടത്തുന്നതിനും മറ്റ് വിവിധ ആവശ്യങ്ങൾ ക്കായുള്ള അദാലത്ത് നടത്തുന്നതിനും പെൻഷൻ അനുവദിച്ചവർക്കുള്ള പെൻഷൻതുക പ്രസ്തുത ക്യാംപിൽ വച്ച് വിതരണം ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർ

നടപടി സ്വീകരിക്കേണ്ടതാണ്. ക്യാമ്പ് നടത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന്റെ ചെലവ് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിന് അനുമതി നൽകുന്നു.

15. നിലവിലുള്ള എ.പി.എൽ കാർഡ് ബി.പി.എൽ കാർഡ് ആക്കുന്നതിനുള്ള തുടർ നടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

**ആഞ്ചലോസ്.ജി**
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ &എബി) തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർക്ക്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി/പ്രസിഡന്റ്, ഇടുക്കി ഗ്രാമപഞ്ചായത്ത്
വനം വകുപ്പ്
ഊർജ്ജ വകുപ്പ്
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
ഗതാഗത വകുപ്പ്
തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.
എക്സി.ഡയറക്ടർ,ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പഞ്ചായത്തും സാമുഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്